(സി) കാവാലം സബ് എഞ്ചിനീയർ ഓഫീസിന്, നിലവിലുള്ള മാനദണ്ഡമനുസരിച്ച് ഒരു സെക്ഷൻ ഓഫീസിനാവശ്യമായ ഉപഭോക്താക്കളുടെ എണ്ണവും വിസ്തീർണ്ണവും ഇല്ല.

(ഡി) ഉണ്ട്.

(ഇ)

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	..	2 എണ്ണം
അസിസ്റ്റന്റ് എഞ്ചിനീയർ	..	1 ..
സബ് എഞ്ചിനീയർ	..	3 ..
ഇലക്ട്രിസിറ്റി വർക്കർ	..	15 ..

ഒഴിവായിക്കിടക്കുന്ന തസ്തികകളിൽ നിയമനങ്ങൾ നിയന്ത്രിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കെ. എസ്. ഇ. ബി.-യുടെ കളക്ഷൻ സെന്റർ

36 [2025] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം മണ്ഡലത്തിൽ പന്തളം തെക്കേക്കര പഞ്ചായത്തിലെ പറപ്പെട്ടിയിൽ കെ. എസ്. ഇ. ബി.-യുടെ ഒരു കളക്ഷൻ സെന്റർ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സെന്റർ ആരംഭിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

എം. എൽ. എ., എം. പി. ഫണ്ട് വിനിയോഗിച്ച് വൈദ്യുതി കണക്ഷൻ

37 [2026] ശ്രീ. കുഞ്ഞാലുംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽപ്പെട്ട എത്ര വൈദ്യുതി കണക്ഷനാണ് എം. എൽ. എ., എം. പി. ഫണ്ട് വിനിയോഗിച്ച് തുക അടച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ എത്ര കണക്ഷൻ ഇതിനകം നൽകിയിട്ടുണ്ടെന്ന് പറയാമോ;

(സി) ഇനി കണക്ഷൻ നൽകാനുള്ളതിൽ എ. എസ്., ടി. എസ്. കിട്ടിയത് എത്ര എണ്ണം വീതം വ്യക്തമാക്കാമോ?

ഉത്തരം

(എ)	എം. എൽ. എ. ഫണ്ട്	71
	എം. പി. ഫണ്ട്	81
(ബി)	എം. എൽ. എ. ഫണ്ട്	14
	എം. പി. ഫണ്ട്	ഇല്ല.
(സി)	എം. എൽ. എ. ഫണ്ട്	57
	എം പി. ഫണ്ട്	81

LIBRARY ARCHIVES Kerala Legislative Assembly